## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1398 | 14/06/2013-ൽ മറുപടിക്ക് |
|---|---|

### ചേറായി ദേവസ്വംനട ജങ്ഷനിൽ ബൈപ്പാസ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | ശ്രീ. മഞ്ഞളാംകുഴി അലി<br>ബഹു: നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി | |
| (എ) | രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ചെറായി ദേവസ്വം നട ജംങ്ഷനിൽ യാത്ര സുഗമമാക്കുന്നതിന് ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ പ്രൊപ്പോസൽ ജിഡയിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ, ലഭിച്ച തീയതിയും, സ്വീകരിച്ച തുടർനടപടികളും വ്യക്തമാക്കാമോ ; | (എ) | ചെറായി ദേവസ്വംനട ജംഗ്ഷനിൽ യാത്ര സുഗമമാക്കുന്നതിന് ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പള്ളിപ്പുറം പഞ്ചായത്തിൽ നിന്നും ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയിൽ 01-12-2009-ൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ 24.02.2010 ൽ കൂടിയ ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ ജനറൽ കൗൺസിലിൽ ഉൾപ്പെടുത്തുകയും പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തു. ജനറൽ കൗൺസിൽ തീരുമാനപ്രകാരം സമഗ്രമായ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഭൂമിയെത്രയെന്നും, എസ്റ്റിമേറ്റ് തുകയെത്രയെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി എത്രയെന്ന് തിട്ടപ്പെടുത്തുന്നതിനുള്ള സർവേ ജോലികളും എസ്റ്റിമേറ്റ് തയ്യാറാക്കലും പുരോഗമിച്ചുവരുന്നു. |
| (സി) | ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ; | (സി) | പദ്ധതിക്കാവശ്യമായ ഭൂമിയെത്രയെന്ന് തിട്ടപ്പെടുത്തുന്നതിനുള്ള സർവേ ജോലികൾ കിറ്റ്കോയെ എൽപിച്ചിട്ടുണ്ട്. ആയത് ലഭ്യമായശേഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നെങ്കിൽ വിശദീകരിക്കാമോ; പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ ജനറൽ കൗൺസിൽ അംഗീകരിച്ച പഞ്ചായത്തിന്റെ പ്രൊപ്പോസലിന്മേൽ തടസ്സങ്ങളും, കോടതി കേസുകളും ഉണ്ടായതുമൂലം അവ പരിഹരിക്കുവാൻ വിവിധ അലൈൻമെന്റുകൾ കിറ്റ്കോ തയ്യാറാക്കുകയും ആയതിൽ നിന്നും പരാതി പരിഗണിച്ചുകൊണ്ടുള്ള അലൈൻമെന്റ് ഗോശ്രീ ദ്വീപ് വികസന അതോറിറ്റി, കിറ്റ്കോ, പള്ളിപ്പുറം പഞ്ചായത്ത് എന്നിവർ ചേർന്ന് ചർച്ച ചെയ്ത് അംഗീകരിക്കുകയും, ആയതനുസരിച്ച് കിറ്റ്കോ മുഖേന വിശദമായ സർവേ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഭൂമിയെത്രയെന്ന് തിട്ടപ്പെടുത്തുന്നതിനുള്ള സർവേ ജോലികളും എസ്റ്റിമേറ്റ് തയ്യാറാക്കലും ഒരുമാസത്തിനകം പൂർത്തീകരിക്കാനാകും. ആയതിനുശേഷം ഭരണാനുമതി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ